**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2271 — 16.08.2017 -ൽ മറുപടിക്ക്

## ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കമോ; | എ) യും ബി) യും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) എന്തൊക്കെ പുതിയ പദ്ധതികളാണ് ടൂറിസം രംഗത്ത് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; | |
| സി) ടൂറിസം രംഗത്തെ സാധ്യതകൾ മുതലെടുക്കുന്നതിന് സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | സി) പൊതുസ്വകാര്യപങ്കാളിത്തത്തോടെയുള്ള പദ്ധതികൾക്ക് ( PPP മോഡൽ) സർക്കാർ പ്രാമുഖ്യം നൽകിവരുന്നു. കൊല്ലം ജില്ലയിലെ ചടയമംഗലത്തെ ജടായുപാറ ടൂറിസം വികസനം, തിരുവനന്തപുരം ജില്ലയിലെ ആക്കുളത്തെ നിർദ്ദിഷ്ട ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവ ഇത്തരത്തിലുള്ള പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ' പ്രസാദ് ' സ്കീമിൽ ദക്ഷിണേന്ത്യയിൽ നിന്നും 'ഗുരുവായൂരിനെ ' ഉൾപ്പെടുത്തി. ഇതിൻപ്രകാരം ലഭിച്ച പദ്ധതി യുടെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതിയായ "പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി" വികസനത്തിനായും സ്പിരിച്വൽ ടൂറിസം പദ്ധതികളായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) " ശ്രീ പത്മനാഭ-ആറന്മുള-ശബരിമല" വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾക്ക് തുടക്കം കുറിച്ചു.
- പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി 8 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബി യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.
- ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനവും പരിപാലനവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കി.
- കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദ സഞ്ചാരവും, വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചു കൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയായ മലനാട്- മലബാർ -ക്രൂയിസ്- ടൂറിസം-പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചു
- ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ-വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ, വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി, ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആരംഭിച്ചു
- ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ച് ഉത്തരവായി.
- പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തി.
- ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' പദ്ധതി നടപ്പിലാക്കി.
- വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം കുറിച്ചു.
- ഡി.റ്റി.പി.സി. കളും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളും പുന:സംഘടിപ്പിച്ചു.
- ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും തീർപ്പാക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി എം.എൽ.എ മാരുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു.
- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി നടപ്പിലാക്കി വരുന്നു.
- കൊല്ലം ജില്ലയിലെ ചടയമംഗലത്ത് 'ജടായുപാറ ടൂറിസം പദ്ധതി ' ആരംഭിച്ചു.

- അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ, ഇതിന്റെ ഭാഗമായി ടാക്സി ബ്രാന്റിംഗ്, അച്ചടി-നവ മാധ്യമങ്ങളിലെ പരസ്യ പ്രചരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു.
- ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു.
- നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി' ഗോ കേരള ആപ്പ്,'ലോവസ്റ്റ് യൂണിക് ബിഡ്' എന്നീ വിപണന പരിപാടികൾക്ക് തുടക്കം കുറിച്ചു.
- ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ